ഇവരോട് അടിയന്തരമായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1-1-2007 മുതൽ സർവ്വീസിൽ പ്രവേശിച്ച ഡോക്ടർമാർക്ക് സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്ഷൻ നൽകുവാൻ 15-7-2010 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(സി) സ്പെഷ്യലിസ്റ്റുകളുടെ ലഭ്യതയും, ഓരോ ജില്ലയിലെയും സ്പെഷ്യാലിറ്റി പോസ്റ്റുകളുടെ ഒഴിവുകളുടെയും അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതാണ്.

കാസർഗോഡ് ജില്ലാ ആശുപത്രി

29 (4900) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയെ ദേശീയ നിലവാരമുള്ള ആശുപത്രിയായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇവിടെ എത്ര സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര എണ്ണമാണ് നികത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അംഗീകരിച്ചിട്ടില്ല.

(ബി) ഇവിടെ 33 സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 27 എണ്ണം നികത്തിയിട്ടുണ്ട്. വർക്കിംഗ് അറേഞ്ച്മെന്റ് മുഖേന 4 പേരെ പുനർനിയമനം നടത്തുകയും അഡ്ഹോക് വ്യവസ്ഥയിലും കോടതി ഉത്തരവ് മുഖേനയും ഓരോ ഡോക്ടർമാരെ വീതം നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രി വികസനം

30 (4901) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി പ്രത്യേക ബ്ലോക്ക് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly